2. സംരക്ഷണ വിഭാഗം ജീവനക്കാർക്ക് ആവശ്യമായ വാഹനം, വാർത്താവിനിമയ ഉപകരണങ്ങൾ, ആയുധം എന്നിവ നൽകി ഫീൽഡ് പരിശോധന ഫലവത്താക്കിയിട്ടുണ്ട്.

3. കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടുപിടിച്ച് അതിൻമേൽ പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. ഫോറസ്റ്റ് ഇന്റലിജൻസ് സെല്ലിന്റെ പ്രവർത്തനം ശക്തമാക്കിയിട്ടുണ്ട്.

4. വനാശ്രിത സമൂഹങ്ങൾ, തദ്ദേശ വാസികൾ, വനസംരക്ഷണ സമിതികൾ, ഇക്കോഡവലപ്മെന്റ് കമ്മിറ്റികൾ എന്നിവരുടെ സഹായത്തോടെ വേട്ടക്കാരെ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുന്നതിനും, അപ്രകാരം വിവരം നൽകുന്നവർക്ക് ക്യാഷ് അവാർഡ് നൽകുന്നതിനും കുറ്റകൃത്യം കണ്ടെത്തുന്ന ജീവനക്കാർക്ക് പ്രശംസാപത്രവും ക്യാഷ് അവാർഡും നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

5. അന്യ സംസ്ഥാനങ്ങളോട് ചേർന്നുള്ള വനമേഖലകളിൽ സംയുക്ത പട്രോളിംഗ് നടത്തുകയും കുറ്റവാളികളെ സംബന്ധിച്ച വിവരങ്ങൾ പരസ്പരം കൈമാറുകയും ചെയ്യുന്നു.

(ബി) വനാശ്രിതസമൂഹത്തിന് പ്രയോജനകരമായി തീരുംവിധം ബഫർ സോണിൽ ഇക്കോഡവലപ്മെന്റ് കമ്മിറ്റികൾ, വനസംരക്ഷണ സമിതികൾ എന്നിവവഴി ദേശീയ വനവത്കരണ പദ്ധതി നാഷണൽ പാർക്ക് ആന്റ് സാങ്ചറി എന്ന പദ്ധതി എന്നിവ പ്രകാരം ആവാസ വികസന പരിപാടികൾ നടപ്പിലാക്കിവരുന്നു.

(സി) ജൈവവൈവിദ്ധ്യം മെച്ചപ്പെട്ട രീതിയിൽ സംരക്ഷിക്കുന്നതിനായി ഈ പ്രദേശം ഒരു വന്യജീവി സംരക്ഷണ കേന്ദ്രമായി പ്രഖ്യാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കണ്ടൽക്കാടുകളുടെ സംരക്ഷണം

221(528) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി സർക്കാർ ഇതുവരെ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(ബി) സംസ്ഥാനത്ത് ഇപ്പോൾ ആകെ എത്ര ഹെക്ടർ കണ്ടൽക്കാടുകൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) കഴിഞ്ഞ 5 വർഷത്തിനിടയിൽ എത്ര ഹെക്ടർ കണ്ടൽക്കാടുകൾ നശിപ്പിക്കപ്പെട്ടിട്ടുണ്ട് ;

(ഡി) കണ്ടൽക്കാടുകളുടെ നശീകരണം തടയുന്നതിന് കർശന നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) കണ്ടൽക്കാടുകളുടെ സംരക്ഷണത്തിനായി കണ്ടൽ ചെടികളുടെ ഉത്പാദനം, കണ്ടൽ ചെടികൾ നട്ടുപിടിപ്പിക്കുക, കണ്ടൽ സംരക്ഷണ പ്രവർത്തനങ്ങൾ, ബോധവൽക്കരണ പരിപാടികൾ, അനുബന്ധ പ്രദേശങ്ങളിലെ ഗ്രാമവാസികൾക്കായി ക്ഷേമ പ്രവർത്തനങ്ങൾ, ഗ്രാമ പഞ്ചായത്തുകൾ മുഖേനയുള്ള കണ്ടൽ ചെടികളുടെ വിതരണം, കണ്ടൽ സാമീപ്യ പ്രദേശത്തെയും ജലാശയങ്ങളിലേയും മാലിന്യ നിർമ്മാർജ്ജനം, സ്വകാര്യ കണ്ടലുടമകൾക്ക് പാരിതോഷികം നൽകുക, തുടങ്ങിയ നടപടികളാണ് നടത്തി വരുന്നത്.

(ബി) സംസ്ഥാനത്ത് ഏകദേശം 1650 ഹെക്ടർ കണ്ടൽക്കാടുകൾ ഉണ്ടെന്നാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്.

(സി) കഴിഞ്ഞ 5 വർഷത്തിനിടയിൽ ഏകദേശം 24.5 ഹെക്ടർ കണ്ടൽക്കാടുകൾ നശിപ്പിക്കപ്പെട്ടതായി കണക്കാക്കുന്നു.

(ഡി) കണ്ടൽക്കാടുകളുടെ നശീകരണം തടയുന്നതിന് കർശന നടപടി സ്വീകരിക്കും.

കാട്ടുതീയുടെ വ്യാപനം തടയുന്നതിന് നടപടി

222(929) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. ജോസഫ് എം. പുതുശ്ശേരി :
ശ്രീ. പി. സി. ജോർജ് :
ശ്രീ. തോമസ് ചാഴികാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വേനൽ കനത്തതോടെ കാട്ടുതീ വ്യാപകമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഈ വേനൽക്കാലത്ത് ഇതുവരെ എത്ര വിസ്തൃതി വനം കാട്ടുതീയിൽ നശിച്ചുവെന്ന് അറിയിക്കുമോ ;

(സി) കാട്ടുതീയിൽ നിന്ന് വനത്തെ സംരക്ഷിക്കുന്നതിന് നിലവിൽ എന്തെല്ലാം മാർഗ്ഗങ്ങളാണ് അവലംബിക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ :

(ഡി) പ്രകൃതിയെ അപകടത്തിലാക്കുന്ന കാട്ടുതീയുടെ വ്യാപനം ഫലപ്രദമായി തടയുന്നതിന് ജനപങ്കാളിത്തം ഉറപ്പുവരുത്തിക്കൊണ്ടുള്ള അടിയന്തര നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly